പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1728 | | 31.01.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| കോട്ടക്കലിലെ റോഡുകൾ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി | | | |
| ചോദ്യം | | ഉത്തരം | |
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | കോട്ടക്കൽ നഗരസഭയിലെ മഠത്തിൽ കോളനി റോഡ്, കുറ്റിപ്പുറം പഞ്ചായത്തിലെ വെള്ളപറമ്പ് റോഡ് എന്നിവ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് മുൻ എം.എൽ.എ. ശ്രീ.അബ്ദു സമദ് സമദാനി നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ ; | (എ) | കോട്ടക്കൽ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട കോട്ടക്കൽ നഗരസഭയിലെ മഠത്തിൽ കോളനി റോഡ്, കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിലെ വെള്ളപറമ്പ് റോഡ് എന്നിവയുടെ വിശദമായ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിൽ സമർപ്പിക്കുന്നതിന് മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക്, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ വെള്ളപ്പറമ്പ് റോഡിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (ബി) | ഇല്ല. |
| (സി) | ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ